**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഹൃദ്യം പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എം. എം. മണി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ശസ്ത്രക്രിയ നടത്തി കുട്ടികളെ രക്ഷപ്പെടുത്തുന്നതിനുതകുന്ന ഹൃദ്യം പദ്ധതി ആവിഷ്കരിച്ചതെപ്പോഴാണ്; പദ്ധതിയുടെ വിശദാംശം നൽകാമോ;</td><td>(എ)</td><td>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ സ്ഥാപനങ്ങളിൽ 2017 മുതൽ ഹൃദ്യം പദ്ധതി ആരംഭിച്ച് നടപ്പിലാക്കി വരുന്നു. സങ്കീർണ്ണമായ ഹൃദയരോഗങ്ങളുമായി ജനിക്കുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യമായി ഹൃദയ ശസ്ത്രക്രിയ നടത്തുന്ന പദ്ധതിയാണിത്.<br><br>നാഷണൽ ഹെൽത്ത് മിഷനു കീഴിൽ വരുന്ന ഈ പദ്ധതിയിൽ ഹൃദയ സംബന്ധമായ അസുഖമുള്ള 18 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും വരുമാന പരിധിയില്ലാതെ ചികിത്സ നൽകി വരുന്നു.<br><br>ഈ പദ്ധതിയുടെ സേവനങ്ങൾ ലഭിക്കുന്നതിനായി www.hridyam.kerala.gov.in എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>ഹൃദ്യം വഴി എക്കോ, സി റ്റി, കാത്ത് ലാബ് പ്രൊസീജിയർ എം.ആർ.ഐ തുടങ്ങിയ അവശ്യ പരിശോധനകളും സർജറികൾ അല്ലെങ്കിൽ ഇന്റർവെൻഷനുകൾ തുടങ്ങിയവയും സൗജന്യമായി നടത്തിവരുന്നു. അവശ്യഘട്ടങ്ങളിൽ എംപാനൽ ചെയ്ത ആശുപത്രികളിലേക്ക് വെന്റിലേറ്റർ സൗകര്യം ഉള്ള ആംബുലൻസ് സേവനവും ലഭ്യമാക്കി വരുന്നു.</td></tr>
<tr><td>(ബി)</td><td>ഈ പദ്ധതി പ്രകാരം മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും എത്ര ഹൃദയ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;</td><td>(ബി)</td><td>ഹൃദ്യം പദ്ധതി പ്രകാരം മുൻ സർക്കാരിൻെറ കാലത്ത് 3048 കുട്ടികൾക്കും, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 3158 കുട്ടികൾക്കും സർജറി നടത്തിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>രോഗത്തിന്റെ തീവ്രതയനുസരിച്ച് കുട്ടികൾക്ക് വിദഗ്ദ്ധ ചികിത്സ കാലതാമസം കൂടാതെ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത ശസ്ത്രക്രിയ സംവിധാനം ഒരുക്കിയിട്ടുള്ളത്; തുടർ</td><td>(സി)</td><td>രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ കുട്ടിയെയും അടുത്ത 24 മണിക്കൂറിനുള്ളിൽ തന്നെ അതാതു ജില്ലകളിലെ DEIC (District Early Intervension Centre) കളിൽ നിന്നും ബന്ധപ്പെടുകയും കുട്ടിയുടെ രോഗ വിവരങ്ങൾ പരിശോധിച്ചുറപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് ഓരോ</td></tr>
</table>

| | | | |
|---|---|---|---|
| | ചികിത്സയ്ക്കായി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | | കുട്ടിയുടെയും ഡയഗ്നോസിസ് / രോഗത്തിന്റെ തീവ്രതയ്ക്ക് അനുസരിച്ച് വിദഗ്ധരായ മൂന്ന് ഡോക്ടർമാരുടെ നിർദ്ദേശാനുസരണം (Expert opinion) ഓരോ കേസും കാറ്റഗറൈസ് ചെയ്യുകയും തുടർന്ന് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾക്ക് സർജറിയോ ഇന്റർവെൻഷനോ ചെയ്യാൻ സാധ്യമാകുന്ന തീയതി നൽകുന്നതിനായിട്ട് ഹൃദ്യം പോർട്ടലിൽ കേസ് ഓപ്പൺ ചെയ്യുകയും വിവരങ്ങൾ കുട്ടിയുടെ മാതാപിതാക്കൾക്ക് SMS വഴി ലഭ്യമാക്കുകയും ചെയ്യുന്നു.<br><br>അടിയന്തിരമായി ശസ്ത്രക്രിയ വേണ്ട കുട്ടികൾക്ക് (eg. OBSTRUCTED TAPVC, BAV etc) രജിസ്റ്റർ ചെയ്ത് ഒന്നോ രണ്ടോ ദിവസങ്ങൾക്കുള്ളിൽ സർജറി ചെയ്തു കൊടുക്കാൻ സാധിക്കാറുണ്ട്. ഉടനെ സർജറി ആവശ്യമില്ലാത്ത കുട്ടികളെ 6 മാസത്തേക്കോ 1 വർഷത്തേക്കോ മെഡിക്കൽ ഫോളോ അപ്പിൽ വയ്ക്കാറുണ്ട്.<br>ഹൃദ്യം പദ്ധതിയിൽ 3 സർക്കാർ ആശുപത്രികളും 5 സ്വകാര്യ ആശുപത്രികളുമാണ് നിലവിൽ എംപാനൽ ചെയ്തിട്ടുള്ളത്. എസ്.എ.റ്റി (ശ്രീ അവിട്ടം തിരുനാൾ ആശുപത്രി) തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോട്ടയം, മെഡിക്കൽ കോളേജ്, കോഴിക്കോട് എന്നിവ കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കൊച്ചി, ആസ്റ്റർ മെഡിസിറ്റി കൊച്ചി, ലിസ്സി ഹോസ്പിറ്റൽ എറണാകുളം , ബെലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല, മിംമ്സ് ആശുപത്രി, കോഴിക്കോട് എന്നീ ആശുപത്രികൾ ആർ.ബി.എസ്.കെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് എംപാനൽ ചെയ്ത് ചികിത്സ നൽകി വരുന്നു. കൂടാതെ ശ്രീചിത്രാ ആശുപത്രി കൂടി ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ചർച്ച പുരോഗമിക്കുന്നു.<br>കുട്ടികളുടെ തുടർചികിത്സയും ഫോളോഅപ്പും ആർ.ബി.എസ്.കെ ജില്ലാ കോ ഓർഡിനേറ്ററുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ആർ.ബി.എസ്.കെ നഴ്സുമാർ വഴി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ